## കൊച്ചി നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഉത്തരവു നടപടികൾ

നഗരകാര്യ മദ്ധ്യമേഖലാ ജോയിന്റ് ഡയറക്ടറാഫീസ്, കൊച്ചി - തൃശ്ശൂർ ജില്ല പാവറട്ടി ഗ്രാമപഞ്ചായത്ത് - കെ.പി.ബി.ആർ. ലംഘിച്ച് കെട്ടിടനിർമ്മാണം നടത്തിയതുമായി ബന്ധപ്പെട്ട് ശ്രീ.കെ.ജെറാൾഡിന്റെ – എഞ്ചിനീയർ 'എ' രജിസ്ട്രേഷൻ മൂന്ന് മാസത്തേക്ക് സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

---

നമ്പർ.ജി6-1219/2016 തീയതി : 28/09/2016

---

പരാമർശം:- 1. നഗരകാര്യ ഡയറക്ടറുടെ 17/5/16 തീയതിയിലെ എൽ-10484/16 നമ്പർ കത്ത്
2. സർക്കാരിന്റെ 23.4.16-ലെ 55931/ആർബി2/16/തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭ്യമായ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 01.03.16-ലെ CTP(Vg.) 237/16 നമ്പർ റിപ്പോർട്ട്
3. ശ്രീ.കൊജെറാൾഡിന്റെ 12.06.16-ലെ വിശദീകരണം
4. പാവറട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.08.16-ലെ എ2-2461/2016 നമ്പർ കത്ത്

### ഉത്തരവ്

പരാമർശം (1) നോടൊപ്പം തൃശ്ശൂർ ജില്ല പാവറട്ടി ഗ്രാമപഞ്ചായത്തിലെ വെന്മനാട് വില്ലേജിലെ 52/7, 52/8 സർവ്വേ നമ്പരിൽപ്പെട്ട സ്ഥലത്ത് ശ്രീ.കാസിം എന്നയാളുടെ ഉടമസ്ഥതയിൽ നിർമ്മിച്ചിട്ടുള്ള വാണിജ്യ കെട്ടിടം കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിച്ചതാണെന്ന ചീഫ് ടൗൺ പ്ലാനർ വിജിലൻസിന്റെ റിപ്പോർട്ട് പ്രകാരം ടി അനധികൃത നിർമ്മാണത്തിന് പ്ലാൻ സമർപ്പിച്ച ലൈസൻസി ശ്രീ..ജെറാൾഡ് .കെ.ഒളക്കേങ്കിൽ എന്നയാൾക്കെതിരെ ( Reg.No.C1-3181/2011/722/EA ) ചട്ട പ്രകാരം നടപടി സ്വീകരിക്കുവാൻ പരാമർശം (2) ന്റെ പകർപ്പ് അയച്ച് തന്നിട്ടുള്ളതാണ്.

നിർമ്മാണ സ്ഥലത്ത് നിലവിലുള്ള താമസ കെട്ടിടം സംബന്ധിച്ച വിസ്തീർണ്ണം പരിഗണിച്ചതായ വിവരവും, വിവരണവും പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതും ഫസ്റ്റ് ഫ്ളോറിലെ മുൻവശത്തെക്കുള്ള മുറികളിലേക്ക് പ്രവേശിക്കുന്നതിനുള്ള വരാന്ത രേഖപ്പെടുത്തുകയും ആയതിന്റെ വിസ്തീർണ്ണം പരിഗണിക്കുകയും ചെയ്തിട്ടില്ലാത്തതായും റോഡ് അതിർത്തിയിൽ നിന്നും കെട്ടിടത്തിന്റെ മുൻഭാഗത്തെ ബാൽക്കണിയിലേക്ക് 3.00 മീറ്റർ ദൂരം ലഭ്യമാകുന്നില്ലെന്നും കേരള പഞ്ചായത്ത് കെട്ടിട നിയമ പ്രകാരം നിഷ്ക്കർഷിച്ചിരിക്കുന്ന അളവുകൾ ലഭ്യമാകുന്നില്ലായന്നും സാനിറ്ററി സൗകര്യങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ലായെന്നും ഇത്തരമൊരു പ്ലാൻ തയ്യാറാക്കി സമർപ്പിച്ച ശ്രീ.ജെറാൾഡ്.കെ.ഒളക്കേങ്കിൽ എഞ്ചിനീയർ 'എ' ക്കെതിരെ 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിയമ പ്രകാരം നടപടികൾ സ്വീകരിക്കണമെന്നുമാണ് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ ശുപാർശ.

ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (3) പ്രകാരമുള്ള ലൈസൻസിയുടെ വിശദീകരണവും സൂചന (4) പ്രകാരമുള്ള പാവറട്ടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടും പരിശോധിച്ചതിൽ ചീഫ് ടൗൺ പ്ലാനർ വിജിലൻസിന്റെ വിവരവിശകലനത്തിലെ ക്രമ നം.(1) പ്രകാരമുള്ള വീഴ്ച പറ്റിയിട്ടുണ്ടെന്ന് ലൈസൻസി സമ്മതിച്ചിട്ടുണ്ടെങ്കിലും ലൈസൻസിയുടെ മാപ്പപേക്ഷ അംഗീകരിക്കാവുന്നതാണ് എന്നും ക്രമ നം.2,3,4 പ്രകാരമുള്ള ചട്ടലംഘനം ലൈസൻസിയുടെ വീഴ്ചയല്ലെന്ന് കരുതാനാവുന്നതാണെന്നും ക്രമ നമ്പർ 5 പ്രകാരമുള്ള ലംഘനം ലൈസൻസിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കണക്കാക്കാവുന്നതാണെന്നും സൂചന (4) പ്രകാരം പാവറട്ടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ലൈസൻസിയുടെ മാപ്പപേക്ഷ പരിഗണിച്ചും നിയമങ്ങളും ചട്ടങ്ങളും കർശനമായി പാലക്കേണ്ട ലൈസൻസിയുടെ ഭാഗത്തു നിന്നുണ്ടായ ചെറിയ വീഴ്ചകൾ കണക്കിലെടുത്തും ശ്രീ.ജെറാൾഡ്.കെ.ഒലക്കേങ്കിൽ എഞ്ചിനീയർ 'എ' യുടെ രജിസ്ട്രേഷൻ 01/10/2016 മുതൽ 3 മാസത്തേക്ക് സസ്പെന്റ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. സസ്പെൻഷൻ വിവരം രേഖപ്പെടുത്തുന്നതിനായി ലൈസൻസി ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ലൈസൻസ് രേഖകൾ കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

സി.സി.ശശിധരൻ
റീജിയണൽ ജോയിന്റ് ഡയറക്ടർ

ശ്രീ.ജെറാൾഡ് കെ.ഒളക്കേങ്കിൽ
ഒളക്കേങ്കിൽ ഹൗസ്
പാവറട്ടി.പി.ഒ, തൃശ്ശൂർ

പകർപ്പ്:-
1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ് (കൊല്ലം, കോഴിക്കോട്)
3. മദ്ധ്യമേഖലയിലെ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
4. നഗരകാര്യ ഡയറക്ടർ,
(To publish in the LSGD Website as per KMBR 1999 Rule 153(8)

ആർ/28/09